(ഇ)

ക്രമ നം.	പദ്ധതികൾ	ബഡ്ജറ്റ് തുക (ലക്ഷത്തിൽ)		ചെലവഴിച്ച തുക (ലക്ഷത്തിൽ)		അധികമായി വേണ്ടി വരുന്ന തുക (ലക്ഷത്തിൽ)
		2002-03/2003-04		2002-03/2003-04		
1	കല്ലട					
2	പഴശ്ശി	1200	1400	658.04	34.12(പഴശ്ശി)	—
3	കാഞ്ഞിരപ്പുഴ				44.99 (കാഞ്ഞിരപ്പുഴ)	
4	കാരാപ്പുഴ	2900	800	1099.63	42.15	630
5	മൂവാറ്റുപ്പുഴ	3500	4800	3453.74	313.71	2300
6	ഇടമലയാർ	500	700	1330.92	121.47	...

നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലവിഭവ പദ്ധതികൾ

9 (3949) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യം വികസന നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്ന ജലസേചന പദ്ധതികൾ സംസ്ഥാനത്ത് ഉണ്ടോ ; എങ്കിൽ അവ ഏതെല്ലാം ;

(ബി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; വിശദവിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്. തൃത്താലയിലെ റഗുലേറ്റർ-കം-ബ്രിഡ്ജ് (വെള്ളിയാം കല്ല് കോസ്വേ) നബാർഡ് ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ്. കാരാപ്പുഴ പദ്ധതി, പഴശ്ശി പദ്ധതി, കാഞ്ഞിരപ്പുഴ പദ്ധതി എന്നിവ നേരത്തെ നബാർഡിന്റെ ധനസഹായം ലഭ്യമാക്കി നടപ്പിലാക്കിയ പദ്ധതികളായിരുന്നു. ഈ മൂന്ന് പദ്ധതികൾക്കും നിലവിൽ സഹായമില്ല.

ചെറുകിട ജലസേചന വിഭാഗത്തിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ എല്ലാ ജില്ലകളിലുമായി 1995-96 മുതൽ 2002-03 വരെ (RIDFI to RIDF VIII) 697 പദ്ധതികൾ ഏറ്റെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃത്താലയിലെ റെഗുലേറ്റർ-കം-ബ്രഡ്ജിന്റെ മെക്കാനിക്കൽ വർക്സ് ഒഴികെയുള്ള പ്രവർത്തികൾ 76% പൂർത്തീകരിച്ചു. 2005-മാർച്ചിൽ ഇത് പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു. നബാർഡ് വാഗ്ദാനം ചെയ്ത 2207.11 ലക്ഷം രൂപയിൽ 1064.40 ലക്ഷം രൂപ ഇതുവരെയായി ലഭിച്ചു കഴിഞ്ഞു. കാരാപ്പുഴ പദ്ധതി 80% പൂർത്തീകരിച്ചു. 2005 ഡിസംബറിൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാൽ ലക്ഷ്യമിട്ടിരിക്കുന്നു. പഴശ്ശി പദ്ധതിയും കാഞ്ഞിരപ്പുഴ പദ്ധതിയും ഏകദേശം പൂർത്തീകരിച്ച അവസ്ഥയിലാണ്. ഈ രണ്ട് പദ്ധതികളും നടപ്പുസാമ്പത്തിക വർഷത്തിൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. ചെറുകിട ജലസേചന വിഭാഗത്തിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ എല്ലാ ജില്ലകളിലുമായി 1995-96 മുതൽ 2002-03 വരെ 697 പദ്ധതികൾ ഏറ്റെടുത്തതിൽ 501 പദ്ധതികൾ പൂർത്തീകരിച്ചു. 79 എണ്ണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 117 എണ്ണത്തിന്റെ പണി തുടങ്ങുവാനുണ്ട്.

മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾക്കായുള്ള ബഡ്ജറ്റ് വിഹിതം

10 (3950) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം വളരെ കുറവായതിന്റെ കാരണങ്ങൾ എന്തെല്ലാം ;

(ബി) ബഡ്ജറ്റ് വിഹിതം, വർദ്ധിപ്പിക്കണമെന്ന് നിയമസഭാ സമിതി ശുപാർശ നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അനന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) തിരുവനന്തപുരം നോർത്ത് നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന വിവിധ വികസന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പ്ലാനിംഗ് ബോർഡിൽ നിന്നും മതിയായ പ്ലാൻ അലോക്കേഷൻ ലഭിക്കാത്തത് കാരണമാണ് ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം കുറഞ്ഞിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളിൽമേൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലകൂടി കണക്കിലെടുത്ത് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കനിയന്ത്രണം, തിരുവനന്തപുരം കോർപ്പറേഷനിലുള്ള ആദർശ് നഗറിലെ പൊട്ടക്കുഴി ഗൗരിശപട്ടം തോടിന്റെ പുനരുദ്ധാരണ പണികൾ.

LIBRARY ARCHIVES Kerala Legislative Assembly